# പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2659 19.12.2012 - ൽ മറുപടിക്ക്

## കുടിവെള്ളസ്രോതസ്സുകളിൽ കോളിഫോം ബാക്ടീരിയയുടെ അളവ്

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എൻ.ഷംസുദ്ദീൻ | പി ജെ. ജോസഫ് (ജലവിഭവ വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ കുടിവെള്ള സ്രോതസ്സുകളിൽ അപകടകരമാംവിധം കോളിഫോം ബാക്ടീരിയയുടെ അളവ് കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) കുടിവെള്ള സ്രോതസ്സുകളിൽ കോളി-ഫോം ബാക്ടീരിയയുടെ അളവ് കൂടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ ജല അതോറിറ്റി കുടിവെള്ളം ശുദ്ധീ-കരിച്ച് അണുവിമുക്തമാക്കിയാണ് വിത-രണം ചെയ്യുന്നത്. |
| (ബി) കുടിവെള്ളസ്രോതസ്സുകളിൽ മലിനവസ്തുക്കൾ കലരുന്നത് ഒഴിവാക്കുവാൻ ജനങ്ങൾക്കിടയിൽ ബോധവൽക്കരണത്തിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്? | (ബി) കേരള ജല അതോറിറ്റി കുടിവെള്ള വിതരണ പദ്ധതികളുടെ സ്രോതസ്സിൽ മാലിന്യം കലരാതിരിക്കുന്നതിനുവേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടാൽ അവ ശുദ്ധീകരിക്കുകയും ആവശ്യമായ നടപടി സ്വീകരിക്കുന്നതിനായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണസ്ഥാപനങ്ങളെയും മലിനീകരണനിയന്ത്രണബോർഡിനെയും അറിയിക്കുന്നുണ്ട്. കുടിവെള്ള സ്രോതസ്സുകൾ മലിനീകരിക്കുന്നത് തടയുന്നതുമായി ബന്ധപ്പെട്ട് ബോധവൽക്കരണ പരിശീലന പരിപാടികൾ സിസിഡിയു നിർവ്വഹിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ